**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2044** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഡ്രൈവർ ഗ്രേഡ് 2 /ഡ്രൈവർ- കം- ഓഫീസ് അറ്റെൻഡന്റ് റാങ്ക് പട്ടിക നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കാറ്റഗറി നം. 019/2021 ആയി അപേക്ഷ ക്ഷണിച്ച 818/2023/DOE. ആയി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഡ്രൈവർ ഗ്രേഡ് 2/ ഡ്രൈവർ- കം -ഓഫീസ് അറ്റൻഡന്റ് പട്ടികയിൽ നിന്നും എറണാകുളം ജില്ലയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; ഏത് റാങ്ക് വരെ നിയമനം നൽകി; ഇനം തിരിച്ച് പട്ടികയാക്കി നൽകുമോ;

**<u>മറുപടി:</u>** 73 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശയുടെ വിശദാംശം അനുബന്ധം 1ആയി ചേർക്കുന്നു

**(ബി)** മേല്പറഞ്ഞ നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ലയിൽ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിൽ നിലവിൽ ഒഴിവുകൾ ഉണ്ട്; ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; ഒഴിവ് റിപ്പോർട്ട് ചെയ്യാത്ത ഡിപ്പാർട്ട്മെന്റുകൾ ഏവ; ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനം തിരിച്ച് പട്ടികയാക്കി നൽകുമോ?

**<u>മറുപടി:</u>** ഒഴിവുകൾ റിപ്പോർട്ട് ചെയ്ത വകുപ്പുകളുടെ വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 5 ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ശേഖരിച്ച് നൽകുന്നതാണ്. 2026 ലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**